**അനുമോദനം**

ടി-20 ലോകകപ്പ് വിജയം

മി. സ്പീക്കർ: ഓർഡർ...........ഓർഡർ............

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യൻ ടീം നേടിയ ചരിത്ര വിജയം നമ്മുടെ രാജ്യത്തിന് അഭിമാനകരമായ നിമിഷമാണ്. ഈ വിജയം നമ്മുടെ തലമുറയ്ക്ക് പ്രചോദനം നൽകുകയും രാജ്യത്തിന്റെ കായിക മേഖലയ്ക്ക് ഊർജ്ജം പകരുകയും ചെയ്യും. കാപ്റ്റൻ ശ്രീ. രോഹിത് ശർമ്മയുടെ നേതൃത്വത്തിൽ യുവ കളിക്കാരെയും പരിചയസമ്പന്നരായ കളിക്കാരെയും അണിനിരത്തി മെനഞ്ഞെടുത്ത ടീമിൽ മലയാളി താരമായ ശ്രീ. സഞ്ജു സാംസണിന്റെ സാന്നിധ്യം കേരളത്തിന് അഭിമാനം പകരുന്നതാണ്. ലോകത്തിനുമുന്നിൽ രാജ്യത്തിന്റെ പേരുയർത്താൻ ആവേശകരമായ മത്സരത്തിലൂടെ ടീമിന് സാധിച്ചു. ഈ വിജയം ഇന്ത്യൻ ക്രിക്കറ്റിന് ഒരു പുതുയുഗത്തിന്റെ തുടക്കം കുറിക്കുന്നു. ഭാവിയിൽ ഇന്ത്യൻ ടീം കൂടുതൽ വിജയങ്ങൾ നേടുമെന്ന് നമുക്ക് ഉറപ്പിക്കാം. വിജയശിൽപ്പികളായ ഇന്ത്യൻ ടീമിനും ടീം മാനേജ്മെന്റിനും കേരള നിയമസഭയുടെ ഹൃദ്യമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. രാജ്യത്തിനാകെ അഭിമാനവും അത്യാഹ്ലാദവും പകർന്ന നേട്ടത്തിൽ ഈ സഭയുടെ സന്തോഷത്തിനൊപ്പം പങ്കുചേരുന്നു. നീണ്ട നാളുകൾക്കുശേഷമാണ് രാജ്യാന്തര ക്രിക്കറ്റിൽ ഇന്ത്യ ഒരു ലോക കിരീടം സ്വന്തമാക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിജയത്തിന് വലിയ പ്രാധാന്യമുണ്ട്. ഈ ലോകകപ്പ് മത്സരത്തിലുടനീളം ദേശീയ ടീം അതിഗംഭീരമായ പ്രകടനമാണ് കാഴ്ചവച്ചത്. ടൂർണമെന്റിൽ ഒരു കളിയിലും പരാജയമറിയാതെയായിരുന്നു ടീമിന്റെ മുന്നേറ്റം. കളിയുടെ എല്ലാ മേഖലയിലും മിടുക്കരായ താരങ്ങൾ നമുക്കുണ്ട്. അവരുടെ കഠിനാദ്ധ്വാനത്തിന്റെയും തികഞ്ഞ ആത്മവിശ്വാസത്തിന്റെയും ഫലമാണ് ഈ കിരീട നേട്ടം. ഫൈനൽ മത്സരത്തിൽ കടുത്ത പോരാട്ടമാണ് എതിരാളികളായ ദക്ഷിണാഫ്രിക്ക നടത്തിയത്. എന്നാൽ ഇന്ത്യൻ ടീമിന്റെ ഒത്തിണക്കവും പ്രതിസന്ധികളിൽ പതറാത്ത സമീപനവും അന്തിമ വിജയത്തിലേക്കെത്തിച്ചു. ശ്രീ. രോഹിത് ശർമ്മ, ശ്രീ. വിരാട് കോഹ്‌ലി തുടങ്ങിയ പരിചയ സമ്പന്നരായ താരങ്ങളും യുവ

താരങ്ങളുംചേർന്ന ടീം എല്ലാ അർത്ഥത്തിലും അർഹിച്ച വിജയമാണ് നേടിയത്. ശ്രീ. ജസ്പ്രീത് ബുംമ്രയുടെ നേതൃത്വത്തിലുള്ള ബൗളർമാരുടെ പ്രകടനം മികച്ചതായിരുന്നു. ഒപ്പം ടീം പരിശീലകൻ ശ്രീ. രാഹുൽ ദ്രാവിഡിനെയും എടുത്തുപറയേണ്ടതാണ്. മലയാളികളുടെ പ്രീയപ്പെട്ട താരം ശ്രീ. സഞ്ജു സാംസണിന് കളിക്കാൻ അവസരം ലഭിച്ചില്ലെങ്കിലും ടീമിലെ അദ്ദേഹത്തിന്റെ സാന്നിധ്യം നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമാണ്. ഇന്ത്യൻ ക്രിക്കറ്റിനും രാജ്യത്തിന്റെ കായിക വികസനത്തിനും ഊർജ്ജം പകരുന്നതാണ് ലോകകപ്പ് ക്രിക്കറ്റിലെ കിരീട നേട്ടം. രാജ്യത്തെ ഒന്നിച്ചുനിർത്താൻ ശേഷിയുള്ള ഒരു വികാരമാണ് ക്രിക്കറ്റ്. പ്രതിഭാശാലികളുടെ നീണ്ട നിരയുള്ള ഇന്ത്യൻ ക്രിക്കറ്റിന് കൂടുതൽ കിരീടങ്ങൾ നേടാൻ കഴിയും. മറ്റ് കായികയിനങ്ങളിലും ഇത്തരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിയട്ടെയെന്ന് ആഗ്രഹിക്കുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീമിനും ഈ ടീമിനുപിന്നിൽ പ്രവർത്തിച്ച എല്ലാപേർക്കും ഒരിക്കൽക്കൂടി ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ടീം ഇന്ത്യയുടെ ട്വന്റി 20 ലോകകപ്പ് വിജയം നമ്മളെയെല്ലാം വല്ലാതെ പ്രചോദിപ്പിക്കുകയാണ്. ആ

മത്സരത്തിന്റെ മുക്കാൽ ഭാഗത്തോളം കടന്നപ്പോഴും മത്സരം ഇന്ത്യൻ ടീമിന്റെ കൈപ്പിടിയിലായിരുന്നില്ല. പിന്നീട് ആ മത്സരം തിരിച്ചുപിടിക്കുകയായിരുന്നു. തോൽക്കാൻ മനസ്സില്ലെന്ന പോരാട്ട വീര്യത്തിന്റെ ഉജ്ജ്വലമായ പ്രതീകമായിരുന്നു ആ തിരിച്ചുവരവ്. ഈ വിജയം ഇനി വരാനിരിക്കുന്ന തലമുറയെക്കൂടി ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള ഒരു വിജയമായിരുന്നു. പിന്നാലെ വരുന്നവർക്കുള്ള ഒരു പാഠപുസ്തകമാണ് ഈ മത്സരം. ഉറച്ചുനിന്ന് പൊരുതിയാൽ നഷ്ടപ്പെട്ടുപോയ ഏത് വിജയത്തേയും നമുക്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് അവർ കളിക്കളത്തിൽ തെളിയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പ്രതിഭാശാലികളുടെ കൂട്ടമാണ് ടീം ഇന്ത്യ. ഫൈനൽ മത്സരത്തിൽ തിളങ്ങിയ ശ്രീ. വിരാട് കോഹ്‌ലിയും അതുപോലെ ഈ ടൂർണമെന്റിലൂടനീളം തിളങ്ങിനിന്ന എതിരാളികളായ എല്ലാ ബാറ്റ്സ്മാന്മാരേയും വിറപ്പിച്ച ശ്രീ. ജസ്പ്രീത് ബുംമ്രയെന്ന പേസ് ബൗളർ, ഫൈനൽ മത്സരത്തിൽ ഒരുപാട് വേട്ടയാടലുകൾക്കുശേഷം തിളങ്ങിനിന്ന ശ്രീ. ഹാർദ്ദിക് പാണ്ഡ്യ, എല്ലാ മത്സരങ്ങളിലും ചുക്കാൻപിടിച്ച ക്യാപ്റ്റൻ ശ്രീ. രോഹിത് ശർമ്മ, ബോർഡർ ലൈനിൽ പറന്നുനിന്ന് ക്യാച്ചുകൾ നേടിയ ശ്രീ.

സൂര്യകുമാർ യാദവ്, എല്ലാവരും പ്രതിഭാശാലികളാണ്. മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഒരു മലയാളി സാന്നിധ്യം കളിക്കളത്തിന് പുറത്താണെങ്കിലുമുണ്ടായിരുന്നു. അതുതന്നെ വലിയൊരു കാര്യമായിരുന്നു. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. കാരണം പ്രതിഭാശാലികളുടെ സാന്നിധ്യമായിരുന്നു ഇന്ത്യൻ ടീം. ശ്രീ. രോഹിത് ശർമ്മയും ശ്രീ. വിരാട് കോഹ്‌ലിയും ടി-20 ലോകകപ്പ് മത്സരത്തിനുശേഷം പടിയിറങ്ങുമ്പോൾ നമ്മുടെ പ്രീയപ്പെട്ട താരം ശ്രീ. സഞ്ജു  സാംസണിന് ആ പ്രതിഭാശാലികളുടെ ശ്രേണിയിലേക്ക് ഒരിടം കിട്ടും. അത് ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ കൂടുതൽ ശക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ടീം ഇന്ത്യയെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ലോകത്തുതന്നെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു രാജ്യമാണ് നമ്മുടേത്. അവിടെ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഏക കായികയിനം ക്രിക്കറ്റാണ്. ശ്രീ. കപിൽദേവിന്റെ കാലംമുതൽതന്നെ ക്രിക്കറ്റിൽ നമ്മൾ ലോക ശക്തികളായി നിലനിൽക്കുകയാണ്. ഇന്ന് ടി-20 മത്സരമായാലും

മറ്റുള്ള ഏത് മത്സരങ്ങളായാലും കഴിഞ്ഞ പത്തുവർഷത്തെ ആവേറേജ് പരിശോധിച്ചാൽ ഇന്ത്യൻ ക്രിക്കറ്റിന്റെ അപാരമായിട്ടുള്ള പ്രകടനങ്ങൾ കാണാൻ സാധിക്കും. കേരളത്തിന്റെ ശ്രീ. സഞ്ജു സാംസൺ, ശ്രീമതി മിന്നുമണി ഇവരെല്ലാംതന്നെ അഭിമാനകരമാണെന്നാണ് പറയാനുള്ളത്. ഇത്തരം കളികളിലൂടെയെങ്കിലും രാജ്യത്തിന്റെ പ്രശസ്തി ലോകത്തിനുമുന്നിൽ എത്തിച്ചതിലുള്ള സന്തോഷം ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.